File No.TRY/12671/2019-E1

38
24/12

150 YEARS OF CELEBRATING THE MAHATMA

ഭരണഭാഷ – മാതൃഭാഷ

ട്രഷറി ഡയറക്ടറേറ്റ്
തിരുവനന്തപുരം,
തീയതി: 12/11/2019

നം.TRY/12671/2019–ഇ 1

പ്രേഷകൻ

ട്രഷറി ഡയറക്ടർ
തിരുവനന്തപുരം

സ്വീകർത്താവ്

എല്ലാ വകുപ്പ് അദ്ധ്യക്ഷന്മാർക്കും
ഓഫീസ് മേധാവികൾക്കും
ട്രഷറി ഓഫീസർമാർക്കും

സർ,

വിഷയം: ട്രഷറി വകുപ്പിൽ ഇ-ഓഫീസ് സംവിധാനം നിലവിൽ വന്നത്– ഡിജിറ്റൽ സൈൻ രേഖപ്പെടുത്തിയ കത്തുകളും, NLC/LC, LPC തുടങ്ങിയ സർട്ടിഫിക്കറ്റുകളും ട്രഷറികളിൽ സ്വീകരിക്കുന്നത് – സംബന്ധിച്ച്.

സൂചന 1. ഈ ഓഫീസിലെ 28.10.2019–ലെ ഇതേ നമ്പർ കത്ത്

മേൽ വിഷയത്തിലേക്കു ശ്രദ്ധ സാദരം ക്ഷണിക്കുന്നു. ട്രഷറി വകുപ്പിന്റെ കീഴിലുള്ള എല്ലാ ഓഫീസുകളിലും ഇ -ഓഫീസ് സംവിധനം നിലവിൽ വന്നിട്ടുണ്ട്. ഈ സാഹചര്യത്തിൽ മറ്റു ഓഫീസുകളിൽ നിന്നും ട്രഷറികളിലേക്ക് e-ഓഫീസ് മുഖേന സമർപ്പിക്കുന്ന ഡിജിറ്റൽ സൈൻചെയ്ത കത്തുകളും മറ്റു രേഖകളും സ്വീകരിക്കുന്നതാണ്.

എന്നാൽ മറ്റ് വകുപ്പുകളിൽ നിന്നുള്ള ഡിജിറ്റൽ സൈൻ ചെയ്ത കത്തുകളും LC/NLC, LPC പോലുള്ള രേഖകളും ട്രഷറിയിൽ നേരിട്ട് സമർപ്പിക്കുമ്പോൾ അവയുടെ ആധികാരിത ഉറപ്പ് വരുത്തുവാൻ സാധിക്കില്ല. ആയതിനാൽ e-ഓഫീസ് മുഖേനയല്ലാതെ ലഭിക്കുന്ന ഡിജിറ്റൽ സൈൻ ചെയ്ത കത്തുകളും രേഖകളും ട്രഷറികളിൽ സ്വീകരിക്കുവാൻ സാധിക്കില്ല.

മറ്റ് ഓഫീസുകളിൽ നിന്നും ട്രഷറികളിലേക്ക് ഇ-ഓഫീസ് മുഖേന സമർപ്പിക്കുന്ന digital sign ചെയ്ത കത്തുകളും മറ്റു രേഖകളും വാലിഡേറ്റ് ചെയ്ത ആധികാരികത ഉറപ്പ് വരുത്തി സ്വീകരിക്കേണ്ടതാണെന്നുള്ള നിർദ്ദേശം എല്ലാ ട്രഷറി ഓഫീസർമാർക്കും സൂചന 1 പ്രകാരം നൽകിയിട്ടുണ്ട്.

ഈ സാഹചര്യത്തിൽ, ഇ-ഓഫീസ് മുഖേന ഫയൽ പ്രോസസ്സിംഗ് നടത്തുന്ന വകുപ്പുകൾക്കും സ്ഥാപനങ്ങൾക്കും ട്രഷറിയിൽ സമർപ്പിക്കേണ്ടുന്ന ഔദ്യോഗിക അനുമതികളും അറിയിപ്പുകളും (ബാധ്യതാപത്രം/ബാധ്യതരഹിതപത്രം ഉൾപ്പെടെ) ഇനിമുതൽ ഡിജിറ്റൽ സൈൻ ചെയ്തു ഇ -ഓഫീസ് മുഖേന ബന്ധപ്പെട്ട ട്രഷറിയിലേക്ക് സമർപ്പിക്കാവുന്നതാണ് . ട്രഷറികൾ അത് സ്വീകരിച്ച് നടപടി സ്വീകരിക്കുന്നതാണ്. ട്രഷറികളുടെ ഇ-ഓഫീസ് mail id ലിസ്റ്റ് ഇതോടൊപ്പം അറിവിലേക്കായി ഉള്ളടക്കം ചെയ്യുന്നു.

എല്ലാ വകുപ്പുകളുടെയും ഓഫീസുകളുടെയും അറിവിലേക്കും ഉചിതമായ തുടർനടപടികൾക്കുമായി മേൽ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

വിശ്വസ്തതയോടെ

Signature valid
Digitally signed by JAFAR A M
Date: 2019[illegible] 14:59:23
IST
Reason: Approved

**A M JAFAR**
**DIRECTOR**

---

Directorate of Treasuries, Krishna buildings, Thycaud.P.O, Thiruvananthapuram, Kerala 695014
www.treasury.kerala.gov.in, Email: keralatreasury@gmail.com
Ph: 0471-2323963,2322712 , FAX:0471-2324229

Jt. Dir (Est.) | State Wing (Est)
Adm Offr
Adm Asst
Sr Supdt Est
Jr Supdt (A)
Jr Supdt (B)
Head Clerk
Date | Sec
No

26/12/19
AS
9367
IT